**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.490**

**23.07.2015 ൽ മറുപടിയ്ക്ക്**

## യുവജന പ്രോത്സാഹന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ.എസ്. ശബരീനാഥൻ**<br>**ശ്രീ. ഹൈബി ഈഡൻ**<br>**ശ്രീ. ഷാഫി പറമ്പിൽ**<br>**ശ്രീ. പി.സി. വിഷ്ണുനാഥ്** | **ശ്രീമതി. പി.കെ. ജയലക്ഷ്മി**<br>**(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)** |
| എ) കലാകായിക, സാമൂഹിക, മാധ്യമ രംഗങ്ങളിൽ മികച്ച പ്രവർത്തനം നടത്തുന്ന യുവജനങ്ങൾക്ക് പ്രോത്സാഹനം നൽകാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | എ) ഉണ്ട്. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് 2012 വർഷം മുതൽ സ്വാമി വിവേകാനന്ദ യുവ പ്രതിഭാ പുരസ്കാരം എന്ന പേരിൽ യുവ പ്രതിഭകൾക്ക് അവാർഡ് നൽകി വരുന്നു. കല, കായികം, സാമൂഹിക പ്രവർത്തനം, മാധ്യമ പ്രവർത്തനം, സാഹിത്യം, സംരംഭകത്വം, കൃഷി എന്നീ 7 മേഖലയിൽ മികവ് തെളിയിച്ച 7 വ്യക്തികൾക്ക് പുരസ്കാരം നൽകി വരുന്നു. കൂടാതെ കലാ കായിക മേഖലയിൽ കഴിവ് തെളിയിക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് തലം മുതൽ സംസ്ഥാന തലം വരെ കേരളോത്സവം, യുവ നേതൃത്വ പരിശീലന ക്യാമ്പുകൾ, യുവ മാധ്യമ പ്രവർത്തന ക്യാമ്പുകൾ, കൂടാതെ ചലച്ചിത്ര ശില്പശാല, വനിതാ ശില്പശാല, കാമ്പസ് ലീഡേഴ്സ് ക്യാമ്പ്, വ്യക്തിത്വ വികസന പരിശീലന ക്യാമ്പ്, അഡ്വഞ്ചർ കാർണിവൽ. തുടങ്ങിയ പരിപാടികളും സംഘടിപ്പിച്ചു വരുന്നു.<br><br>കേരളസംസ്ഥാന യുവജനകമ്മീഷൻ കൃഷി, കല/സാംസ്കാരികം,കായികം,സാമൂഹ്യസേവനം, സംരംഭകത്വം എന്നീ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച യുവതിയുവാക്കളെ പ്രോത്സാഹിപ്പിക്കുന്നതിനും ആദരിക്കുന്നതിനും യൂത്ത്ഐക്കൺ എന്ന പേരിൽ അവാർഡ് നൽകുന്ന പദ്ധതി 2014-15 സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനത്തിന്റെ ഭാഗമായി നടപ്പിലാക്കുകയും മേൽ പരാമർശിച്ചിട്ടുള്ള മേഖലകളിൽ നിന്നുള്ള യുവപ്രതിഭകളെ തെരഞ്ഞെടുത്ത് അവാർഡ് നൽകുകയും ചെയ്തിട്ടുണ്ട്. |

| | |
|---|---|
| ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ ; | ബി) യുവജനങ്ങളുടെ സർവ്വതോന്മുഖമായ പുരോഗതിയെ ലക്ഷ്യമാക്കുക, അവരെ സാമൂഹിക — രാഷ്ട്രീയ — കായിക — കല-മാധ്യമ, കൃഷി സംരംഭകത്വം എന്നീ രംഗങ്ങളിൽ പ്രോത്സാഹിപ്പിക്കുക, ഈ മേഖലകളിൽ യുവാക്കളെ കർമ്മനിരതരാക്കുക, എന്നീ ലക്ഷ്യങ്ങളാണ് യുവജനക്ഷേമ ബോർഡും കേരളസംസ്ഥാന യുവജനകമ്മീഷനും ഈ പദ്ധതികൾ വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്. |
| സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | സി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ 2012 വർഷം മുതൽ സ്വാമി വിവേകാനന്ദ യുവ പ്രതിഭാ പുരസ്കാരം എന്ന പേരിൽ യൂത്ത് അവാർഡ് നൽകി വരുന്നു. സ്വാമി വിവേകാനന്ദ യുവ പ്രതിഭാ പുരസ്കാരത്തിന് (സാഹിത്യം, കല, കായികം, കൃഷി, സംരംഭകത്വം, സാമൂഹ്യ പ്രവർത്തനം, മാധ്യമ പ്രവർത്തനം) പത്ര പരസ്യം നൽകുകയും അവാർഡിനായി നിശ്ചിത അപേക്ഷാ ഫോമിൽ അപേക്ഷ ക്ഷണിക്കുകയും ചെയ്യുന്നു. അതാത് മേഖലയിൽ പ്രഗത്ഭരായ 3 വ്യക്തികളെ ജൂറി അംഗമായി ബോർഡിന്റെ ചെയർമാനായ ബഹു. യുവജനകാര്യ വകുപ്പ് മന്ത്രി തെരഞ്ഞെടുക്കുന്നു. പ്രസ്തുത ജൂറി അംഗങ്ങൾ അപേക്ഷകൾ വിശകലനം ചെയ്യുകയും മികച്ച അപേക്ഷകരെ അവാർഡിനായി നിർദ്ദേശിക്കുകയും ചെയ്യുന്നു. ലഭിച്ച അപേക്ഷയിൽ മികവുള്ളതും പ്രാപ്തിയുള്ളതുമായ അപേക്ഷകർ ഇല്ലെങ്കിൽ ജൂറിക്ക് നേരിട്ട് അപേക്ഷകൾ വാങ്ങാവുന്നതും പരിഗണിക്കാവുന്നതുമാണ്. കൂടാതെ യോഗ്യരായ അപേക്ഷകരുടെ അഭാവത്തിൽ ജൂറിക്ക് തന്നെ ഏറ്റവും ശ്രേഷ്ഠവും മികവുറ്റതുമായ അപേക്ഷകരെ അവാർഡിനായി നിർദ്ദേശിക്കാവുന്നതാണ്. അവാർഡിന് തെരഞ്ഞെടുക്കുന്ന വ്യക്തികൾക്ക് 50,001/- രൂപയും പ്രശസ്തി പത്രവും നൽകി വരുന്നു.<br><br>കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് മികച്ച യുവജന ക്ലബ്ബുകൾക്കും അവാർഡ് നൽകി വരുന്നു. ജില്ലാതലങ്ങളിൽ ലഭിക്കുന്ന അപേക്ഷ യുവജനക്ഷേമ ബോർഡിന്റെ ജില്ലാ യുവജനകേന്ദ്രം വഴി സ്വീകരിക്കുകയും ജില്ലാ കളക്ടർ ചെയർമാനായുള്ള ജൂറി, ലഭിച്ച അപേക്ഷകളിൽനിന്ന് മികച്ച ക്ലബ്ബിനെ ജില്ലാതല യുവജനക്ലബ്ബ് അവാർഡിനായി |

തെരഞ്ഞെടുക്കുന്നു. ഇങ്ങനെ 14 ജില്ലകളിൽ നിന്നും അവാർഡിനർഹരായ ക്ലബ്ബുകളിൽ നിന്ന് ഏറ്റവും മികച്ച ക്ലബ്ബിനെ സംസ്ഥാനതല അവാർഡിനായി തെരഞ്ഞെടുക്കുന്നു. കൂടാതെ കേരളോത്സവം, ഗോത്രവർഗ്ഗ കലാമേള, യുവ മാധ്യമ പ്രവർത്തക ക്യാമ്പ്, ചലച്ചിത്ര ശില്പശാല, വനിതാ ശില്പശാല, ക്യാമ്പസ് ലീഡേഴ്സ് ക്യാമ്പ്, വ്യക്തിത്വ വികസന പരിശീലന ക്യാമ്പ്, അഡ്വഞ്ചർ കാർണിവൽ എന്നീ പ്രോഗ്രാമുകളും ബോർഡ് യുവജനങ്ങൾക്കായി നടത്തി വരുന്നു.

കേരളസംസ്ഥാന യുവജനകമ്മീഷൻ 2014-15 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയ്ക്കായി 1,00,000/- രൂപ വകയിരുത്തിയിരുന്നു.കൃഷി, കല/ സാംസ്കാരികം,കായികം, സാമൂഹ്യസേവനം, സംരംഭകത്വം എന്നീ മേഖലകളിൽ ഉന്നതമായ നേട്ടങ്ങൾ കൈവരിച്ച യുവാക്കളെ അവാർഡിനായി തെരഞ്ഞെടുക്കുകയും അവർക്ക് 10,000/-രൂപ വീതം ക്യാഷ് അവാർഡും ശിൽപവും നൽകുകയുമുണ്ടായി. പ്രസ്തുത പദ്ധതി നടപ്പു സാമ്പത്തികവർഷവും നടപ്പിലാക്കാനാണ് കമ്മീഷൻ ഉദ്ദേശിച്ചിരിക്കുന്നത്. നടപ്പുവർഷം 20,000/- രൂപ വീതം ക്യാഷ് അവാർഡും ശിൽപവും നൽകുന്നതാണ്.

**സെക്ഷൻ ഓഫീസർ**